"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - മണിയൂർ ഗ്രാമപഞ്ചായത്ത് -ഗവ. ഐ.ടി.ഐ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1646/2022/LSGD തീയതി,തിരുവനന്തപുരം, 11-07-2022

---

പരാമർശം:-
1. 05/12/2019 തീയതിയിലെ സാ.ഉ.(സാധാ) നം.2768/2019 നമ്പർ ഉത്തരവ്.
2. മണിയൂർ ഗ്രാമപഞ്ചായത്ത് സമർപ്പിച്ചിരിക്കുന്ന 05.05.2022 ലെ അപേക്ഷ

**ഉത്തരവ്**

മണിയൂർ ഗ്രാമപഞ്ചായത്ത് ഗവ. ഐ.ടി.ഐ പ്രവർത്തിക്കുന്ന 18/699 നമ്പർ കെട്ടിടത്തിന്റെ 29/10/2015 മുതൽ കെട്ടിടനിർമ്മാണത്തിനാവശ്യമായ സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് കൈമാറിയ തീയതിയായ 12/02/2019 വരെയുള്ള വാടക അനുവദിക്കുന്നതിന് പരാമർശം(1) പ്രകാരം ഉത്തരവാകുകയും ആയത് പ്രകാരമുള്ള തുക കെട്ടിട ഉടമയ്ക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനായി വ്യാവസായിക പരിശീലന വകുപ്പിന് കൈമാറിയ തിയതിക്ക് ശേഷമുള്ള വാടക നൽകുന്നത് സംബന്ധിച്ച് കെട്ടിടനിർമ്മാണം ആരംഭിക്കാത്ത സാഹചര്യത്തിലും, ഗവ. ഐ.ടി.ഐ പ്രവർത്തിച്ച് വരുന്ന സാഹചര്യത്തിലും പഞ്ചായത്ത് ഭരണ സമിതി പ്രമേയവും കൂടി പരിഗണിച്ച് കെട്ടിടത്തിന്റെ വാടക തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകണമെന്ന് മണിയൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പരാമർശം(2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മണിയൂർ ഗ്രാമപഞ്ചായത്ത് ഗവ. ഐ.ടി.ഐ പ്രവർത്തിക്കുന്ന 18/699 നമ്പർ കെട്ടിടത്തിന്റെ 12/02/2019 ന് ശേഷമുള്ള മാസവാടക PWD നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും 2022-23 സാമ്പത്തിക വർഷം വരെ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രഞ്ജൻ രാജ് ആർ പി**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി/പ്രസിഡന്റ്, മണിയൂർ ഗ്രാമപഞ്ചായത്ത്.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by M.k.pradeesh Kumar**

**Date: 11-07-2022 17:01:32**

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പി എസ്സിന്,

ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്.